# Eternal Life

## ((നിത്യജീവൻ) - (1 യോഹ :5:11-13)




"പുത്രനിൽ വിശ്വാസിക്കുന്നവന് നിത്യജീവനുണ്ട്" (യോഹ :3:36), അയ്തോസ് (Aionios)എന്ന greek പദത്തിന്റെ അർത്ഥം നിത്യത എന്നാണ്. രക്ഷ, ജീവൻ. സമാധാനം ഇങ്ങനെ ചില വാക്കുകളോട് ചേർത്ത് നിത്യത ഉപയോഗിക്കാവുന്നതാണ്, നിത്യരക്ഷ ദൈവം നമുക്ക് നേടിത്തന്നു. 'നിത്യസമാധാനം ദൈവം നമുക്കായി ഒരുക്കിത്തന്നു. "Life is Short, Live for Eternity" "നിത്യജീവൻ'- ഈ ജീവിതത്തിൽ തന്നെ അനുസരിക്കുന്ന വർക്കു മാത്രം ലഭിക്കുന്ന ദൈവീകജീവനാണ് . അിറഞ്ഞോ, അിറയാതെയോ സകല മനു ഷ്യരും ഓട്ടക്കളത്തിലോടുന്നവരാണ്. വൈവിദ്ധ്യമാർന്ന രണ്ട് വഴികൾ സമ്മുടെ മുൻപിലുണ്ട് അതിൽ ഏതു വേണമെങ്കിലും അവരവർക്ക് ഇഷ്ടമുള്ളതു പോലെ തിരഞ്ഞെടുക്കുവാൻ അധികാരമുണ്ട്.

## (1) വിശാലമായ വഴി

ഈ വഴിയിലൂടെ ഓടുന്നവർ നിയമങ്ങൾ ഒന്നും അറിയേണ്ട കാര്യമില്ല. ജഢത്തിന്റെ താല്പര്യമനുസരിച്ച് ജീവിക്കാം, പ്രവർത്തിക്കാം. "Eat, drink and be merry for tomorrow you die" എന്ന Epicurean theory ആണ് ഇവർ അംഗീകരിച്ചിരിക്കുന്നത് സകല ലൗകീക സന്തോഷങ്ങളും ആസ്വദിച്ചോടുന്ന ഈ ഓട്ടം ചെന്നവസാനിക്കുന്നത് നിത്യ നരകത്തിലാണ്. ഉദാഹരണമായി ലൂക്കോ (16:19,23) വാക്യങ്ങൾ ശ്രദ്ധിക്കുക ധൂമ്രവസ്ത്രവും പട്ടും ധരിച്ച് ദിനമ്പ്രതി സുഖിച്ച് പുളെച്ച് ജീവിച്ച ഒരു ധനികനെ കാണാം. വിശാലമായ വഴി യിലൂടെയുള്ള ഈ ഓട്ടം അവസാനിച്ചത് - അഥവാ മരിച്ചടക്കപ്പെട്ട ധനവാൻ എത്തിയത് യാതനാസ്ഥലത്തായിരുന്നു.

## (2) ഇടുങ്ങിയവഴി അഥവാ ഞെരുക്കത്തിന്റെ വഴി

ലൂക്കോ :16:20,23) വാക്യങ്ങളിൽ ധനവാന്റെ മേശയിൽ നിന്നു വീഴുന്ന ഭക്ഷണ പദാർത്ഥങ്ങൾ തിന്ന്, നായ്ക്കൾ വ്രണങ്ങൾ നക്കിക്കൊടുത്ത ലാസർ എന്ന ഒരു മനുഷ്യനെ കാണാം, ഇടുക്കവും ഞെരുക്കവുമുളള വഴിയിലൂടെ ആയിരുന്ന ആ മനുഷ്യന്റെ യാത്ര. കഷ്ടത മാത്രം. അയാളും ഒരു ദിവസം തന്റെ ഓട്ടം അവസാനിപ്പിക്കേണ്ടതായി വന്നു. അതായത് മരണത്തെ അഭിമുഖീകരിച്ചു, ഓട്ടം തീർത്തു അദ്ദേഹം കണ്ണുനീരില്ലാത്ത പട്ടി

ണിയോ വേദനയോ ഇല്ലാത്തിടത്ത് എത്തി. അവിടെ നിത്യ ജീവനും, നിത്യസന്തോഷവും ലഭ്യമാണ്.

ദൈവവചനത്താൽ ലഭ്യമാകുന്ന പരിശീലനം ദൈവമക്കളെ ദിനമ്പ്രതി ശക്തിപ്പെടുത്തുന്നു. ക്രമേണ ഈ പരിശീലനം കട്ടിയുള്ള ആത്മീയാഹാരം ഭക്ഷിക്കുവാൻ നമ്മെ പരിശീലിപ്പിക്കുന്നു.

Read എബ്രാ : 5:12-14 ഇടുങ്ങിയ വഴിയിൽ കൂടി ഓടേണ്ട ആത്മീയ ഓട്ടക്കാരൻ ആത്മീയാഹാരം കഴിക്കുന്നതുപോലെ ആത്മീയ നിയന്ത്രണവും പരിശീലിച്ചിരിക്കണം. ഉദാഹരണമായി ശിംശോൻ ശക്തനായിരുന്നു, പക്ഷെ ജഡം അവനെ കീഴ്പ്പെടുത്തി. അതിനാൽ ജഡത്തെ കീഴ്പ്പെടുത്തുക. ആത്മീയ ഓട്ടക്കാരന്റെ മത്സരം കൂടെ ഓടുന്ന വരുമായിട്ടല്ല. അവരവരേട് തന്നെയാണ്. നിത്യ ജീവൻ നേടുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഏകപുസ്തകമാണ് ദൈവ വചനം. ഈ പുസ്തകം വായിക്കുന്നവരല്ല പഠിക്കുകയും ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്യുന്നവരാണ് അത് പ്രയോജനപ്പെടുത്തുന്നത് .

ഇന്നത്തെ വായനഭാഗമായ 1 യോഹ :(5:9-13) വരെയുള്ള ഭാഗത്തു നിന്നും ചില കാര്യങ്ങൾ നമുക്ക് ചിന്തയ്ക്കാം.

(1) **നിത്യജീവൻ ശാരീരിക ജീവനിൽ നിന്ന് വ്യത്യസ്തമാണ്** . ശാരീരിക ജീവൻ എല്ലാ മനുഷ്യർക്കുമുണ്ട് . നെഹറു, ഗാന്ധിജി ലെനിൻ, സ്റ്റാലിൻ ഇവർ എല്ലാം ലോകം ഇന്നും അനുസ്മരിക്കുന്ന മൺമറഞ്ഞവരാണ് ഇവർക്ക് ശാരീരിക ജീവനുണ്ടായിരുന്നു. എന്നാൽ ഇവർക്കാർക്കും ആത്മീക ജീവൻ ഇല്ല. പുത്രനെക്കുറിച്ച് പിതാവു പറഞ്ഞ സാക്ഷ്യം സ്വീകരിച്ചവർക്കു മാത്രമെ നിത്യ ജീവനുള്ളു. പുത്രനുള്ളവന് ജീവനുണ്ട്, പുത്രനില്ലാത്തവന് ജീവൻ ഇല്ല എന്ന് വചനം വ്യക്തമാക്കുന്നു. Look 1 യോഹ:5:10-13

**(2) നിത്യ ജീവൻ ദൈവത്തിന്റെ ദാനമാണ്**

ഒരു സ്നേഹിതൻ തരുന്ന സമ്മാനം സ്വീകരിക്കുകയോ, സ്വീകരിക്കാതിരിക്കുകയോ ചെയ്വാൻ നമുക്ക് അധികാരമുണ്ട്. അതു പോലെ ദൈവം തരുന്ന ഈ സൗജന്യദാനം സ്വീകരിക്കുകയോ, തിരസ്ക്കരിക്കുകയോ ചെയ്വാൻ നമുക്കധികാരമുണ്ട്. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ദൈവം നമ്മെ അറിയിച്ചു. ഇന്നും അറിയിച്ചു കൊണ്ടേയിരിക്കുന്നു. ദാനം സ്വീകരിച്ച് ദാതാവിനെ സ്തുതിക്കുക. ഈ ദാനം സ്വീകരിച്ച വ്യക്തിയാണ് സക്കായി യേശുവിനെ കാണണമെന്നാഗ്രഹിച്ച് മരത്തിൽ കയറിയവൻ ബദ്ധപ്പെട്ടിറങ്ങി അവന്റെ വീട്ടിൽ പാർക്കാൻ യേശു ചെല്ലുന്നു എന്ന പ്രത്യാശയുടെ വാക്കുകൾ കേട്ടപ്പോൾ ആ വീടിന് രക്ഷല ഭിച്ചു സക്കായി യേശുവിനെ കൈക്കൊണ്ടപ്പോൾ. പ്രിയരേ ! ആരെങ്കിലും രക്ഷിക്കപ്പെടാത്തവരായുണ്ടെങ്കിൽ യേശുവിനെ കൈക്കൊള്ളുക നിങ്ങൾക്ക് നിത്യജീവൻ ലഭ്യമാകും (ലൂക്കോ 19:5-10).

**(3) നിത്യജീവൻ വർത്തമാനകാലാനുഭവമാണ്**

1 യോഹ (5:11) "ദൈവം നമുക്ക് നിത്യജീവൻ തന്നു" എന്ന വാക്ക് ശ്രദ്ധിക്കുക. തന്നു എന്ന വാക്ക് വർത്തമാനകാലമാണ്. ചിലരുടെ ധാരണ നിത്യജീവൻ മരിച്ചുകഴിയുമ്പോഴാണ് തുടങ്ങുന്നത് എന്നാണ്. യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കുന്ന നിമിഷം നീ നിത്യജീവന് അവകാശിയാകുന്നു. മരണം സംഭവിക്കും മുമ്പ് നിത്യ ജീവനവകാശിയാകാത്ത ഒരാൾ അത് നഷ്ടമാക്കുന്നു. നമ്മുടെ പരിശ്രമം കൊണ്ടോ, കർമ്മം കൊണ്ടോ അവകാശമാക്കാവുന്നതല്ല നിത്യജീവൻ. ദൈവംതന്ന വാഗ്ദത്തമാണ് ഈ വലിയദാനം. ഇത് തരുവാൻ കഴിയുന്ന ഒരേ ഒരു വ്യക്തി യേശുമാത്രമാണ്.

(4) നിത്യ ജീവൻ നഷ്ടമാക്കിയാൽ ആത്മീയ മരണം സംഭവിക്കുന്നു. അതായത് മനുഷ്യൻ ദൈവത്തിൽ നിന്നകലുന്നു.

Read റോമ (8:10-13), 1 യോഹ (5:12)

**എങ്ങനെ ആത്മീയജീവൻ നിലനിർത്താം**

(1) ലോകത്തെ ഉപേക്ഷിക്കണം. ലൂക്കോ (18:28-30)

(2) ക്രിസ്തുവിൻ വിശ്വസിക്കണം . യോഹ (3:14-16)

(3) ആത്മീയ ശുശ്രൂഷയാൽ . യോഹ (4:35-36)

(4) പിതാവിനെയും പുത്രനെയും അറിയുക . യോഹ (17:3)

**നിത്യ ജീവൻ പ്രാപിപ്പാനും പ്രാപിച്ചതിനെ നിലനിർത്തുവാനും ദൈവം സഹായിക്കട്ടെ**

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind